വൈദ്യുതി ബോർഡിന്റെ വിഭജനം

47 [358] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിക്കണമെന്നുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ചർച്ചകളോ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം സംസ്ഥാന വൈദ്യുതി ബോർഡിനെ സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ഒരു ലൈൻസിയുമായി 9-12-2005 വരെ തുടരാൻ സർക്കാർ 9-6-2005-ലെ ജി.ഒ.(പി) നമ്പർ. 13/2005/പി.ഡി. നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ

48 [359] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ഡി. ആർ. പി. പദ്ധതി പ്രകരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികളാണ് മേൽ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) എ. പി. ഡി. ആർ. പി. പദ്ധതി പ്രകാരം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുമോ;

(ഡി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ. പി. ഡി. ആർ. പി. പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 355 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് 1-10-2004-ൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിപ്രകാരം താഴെ പറയുന്ന മുഖ്യപ്രവൃത്തികൾ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly